**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3516** **12-03-2025 - ൽ മറുപടിയ്ക്ക്**

**കൊച്ചി നഗരത്തിൽ പുതിയ കൃഷി ഓഫീസ് അനുവദിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | 13 വില്ലേജുകളിൽ 74 ഡിവിഷനിൽ 94.88 സ്ക്വയർ കിലോമീറ്ററിലായി ഏകദേശം ഏഴ് ലക്ഷം ജനസംഖ്യയുള്ള കൊച്ചി നഗരത്തിലെ വൈറ്റിലയിൽ ഒരു കൃഷി ഓഫീസ് മാത്രമാണുള്ളത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **ഉണ്ട്.** |
| (ബി) | ഓൺലൈൻ അപേക്ഷകളും ഓഫ് ലൈൻ അപേക്ഷകളും ഉൾപ്പെടെ ഭൂമി തരം മാറ്റത്തിനുള്ള എത്ര അപേക്ഷകൾ വൈറ്റില കൃഷി ഓഫീസിൽ കെട്ടിക്കിടക്കുന്നുവെന്ന് അറിയിക്കുമോ:; | (ബി) | 3154 **അപേക്ഷകൾ നിലവിൽ പരിശോധനയുടെ വിവിധ ഘട്ടങ്ങളിലാണ്.** |
| (സി) | കൃഷി ഓഫീസുമായി ബന്ധപ്പെടുന്ന ഏകദേശം 1800 കർഷകരും റെസിഡന്റ്സ് അസോസിയേഷനുകളുടെ കീഴിൽ ധാരാളം കർഷക ഗ്രൂപ്പുകളും ഗ്രീൻ ഹൗസുകൾ നിർമ്മിച്ച് ടെറസ് കൃഷി നടത്തുന്ന ഒട്ടനവധി വീടുകളും സ്ഥാപനങ്ങളും ഉള്ള കൊച്ചി നഗരത്തിൽ ഇവരെ മോണിട്ടർ ചെയ്യാനും അവർക്ക് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകാനുമായി നിലവിലുള്ള ഉദ്യോഗസ്ഥർ എത്രപേരാണ് എന്ന് അറിയിക്കുമോ; | (സി) | 4 പേർ<br>അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർ - 1<br>അസിസ്റ്റന്റ് അഗ്രികൾച്ചറൽ ഓഫീസർ – 1<br>അഗ്രികൾച്ചറൽ അസിസ്റ്റന്റ് - 2 |
| (ഡി) | മെട്രോ നിർമ്മാണത്തിന്റെ ഭാഗമായി വൈറ്റില മൊബിലിറ്റി ഹബിനോട് ചേർന്ന് പ്രവർത്തിച്ചിരുന്ന കൃഷി ഓഫിസ് കെട്ടിടം ഒഴിഞ്ഞുകൊടുക്കേണ്ടി വന്നതിനെ തുടർന്ന് നിലവിൽ പ്രവർത്തിക്കുന്നത് കൊച്ചി കോർപ്പറേഷന്റെ വൈറ്റില സോണൽ ഓഫീസിന്റെ രണ്ടാം നിലയിലായതിനാൽ നടീൽ വസ്തുക്കളും തെങ്ങിൻ തൈകളും രണ്ടാം നിലയിൽ കൃഷി ഓഫീസറുടെ മുറിയിൽ വെയിൽ കൊള്ളാതെ സൂക്ഷിക്കുന്ന നിലവിലെ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ഡി) | ഉണ്ട്.<br>രണ്ടാം നിലയിൽ ആയതുകൊണ്ടും ഉൽപ്പാദനോപാധികൾ സൂക്ഷിക്കുന്നതിന് ആവശ്യമായ സൗകര്യങ്ങൾ ഇല്ലാത്തതിനാലും സ്റ്റോക്ക് ചെയ്യുന്നതിൽ വളരെയധികം ബുദ്ധിമുട്ട് നേരിടുന്നുണ്ട്. |
| (ഇ) | വൈറ്റിലയിലെ കൃഷി ഓഫീസിന്റെ നിലവിലെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനാവശ്യമായ | (ഇ) | കൊച്ചി കോർപ്പറേഷൻ പരിധിയിൽ അനുയോജ്യമായ ഭൂമി കണ്ടെത്തി കൊച്ചി കോർപ്പറേഷന്റെ ഏതെങ്കിലും ഫണ്ട് |

| | | | |
|---|---|---|---|
| | എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | | ഉപയോഗിച്ചോ, ജനകീയാസൂത്രണ പദ്ധതി ഫണ്ട് ഉപയോഗിച്ചോ എല്ലാ സൗകര്യങ്ങളും ഉള്ള ഒരു കൃഷി ഭവൻ പണിയുന്നതിന് കൊച്ചി കോർപ്പറേഷനിലേയ്ക്ക് കൃഷി വകുപ്പ് ആവശ്യം ഉന്നയിച്ചിട്ടുണ്ട്. |
| (എഫ്) | കൊച്ചി നഗരത്തിലെ കർഷകരുടെ പ്രായോഗിക ബുദ്ധിമുട്ട് മനസ്സിലാക്കി കൊച്ചി നഗരസഭയുടെ പടിഞ്ഞാറൻ മേഖലയിലായി പുതിയ കൃഷി ഓഫീസ് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (എഫ്) | പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ